പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 94** **29-06-2026-ൽ മറുപടിയ്ക്ക്**

# <u>പി.എം.ശ്രീ പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉഷ വിജയൻ
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** 2022 സെപ്റ്റംബർ 7-ന് കേന്ദ്രസർക്കാർ അംഗീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം. ശ്രീ (PM SHRI - Prime Minister's Schools for Rising India). പി.എം. ശ്രീ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പി.എം. ശ്രീ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാനം 2024-25 അധ്യയന വർഷത്തിന് മുമ്പ് തീരുമാനമെടുക്കുമെന്ന് കാണിച്ച് ഒരു അഷ്വറൻസ് ലെറ്റർ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകുകയുണ്ടായി. 2025 ഒക്ടോബറിൽ സംസ്ഥാനം പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ എസ്.എസ്.കെ.യ്ക്ക് (സമഗ്ര ശിക്ഷ കേരളം) തടഞ്ഞുവച്ച 99.27 കോടി രൂപ കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയുണ്ടായി. ധാരണാപത്രം ഒപ്പുവച്ചതിനെ തുടർന്ന് ആശങ്കകൾ ഉയർന്ന സാഹചര്യത്തിൽ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നീട്ടിവയ്ക്കാൻ തീരുമാനിച്ചതായി (to keep in abeyance) അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് 2025 നവംബർ 12-ന് സംസ്ഥാനം കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കാബിനറ്റ് സബ് കമ്മിറ്റി യോഗം ചേരുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

**(ബി)** മുൻ സർക്കാർ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടുകയും കേന്ദ്ര ഫണ്ട് കൈപ്പറ്റുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ തുടരാൻ സംസ്ഥാനം നിയമപരമായി നിർബന്ധിതമായിരിക്കുകയാണോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട എസ്.എസ്.കെ.യ്ക്ക് (സമഗ്ര ശിക്ഷ കേരളം)

തടഞ്ഞുവച്ച 99.27 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. പി.എം. ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതു താത്പര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന് (DoSEL) മാത്രം ആയിരിക്കും.

**(സി)** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട മറ്റ് ഫണ്ടുകൾ ലഭിക്കാത്തതോ തടഞ്ഞുവെച്ചിരിക്കുന്നതോ ആയ സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** ഉണ്ട്. പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം മുൻ സർക്കാർ ഒപ്പിടുകയും പിന്നീട് നീട്ടിവെക്കുന്നതിനുള്ള കത്ത് നൽകുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടിയിരുന്ന എസ്.എസ്.കെ. ക്കുള്ള കേന്ദ്ര വിഹിതം തടഞ്ഞുവയ്ക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്ര വിഹിത ഇനത്തിൽ 1151.48 കോടി രൂപ (2025-26) സംസ്ഥാനത്തിന് ലഭ്യമാക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**